**കേരള സർക്കാർ**

സംഗ്രഹം

ത.സ്വ.ഭ.വ. - തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള എല്ലാ സർക്കാർ/ എയിഡഡ് സ്കൂളുകളിലെയും പ്രീപ്രൈമറി സ്കൂളുകളിലെയും കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ.157/2019/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 25/01/2019

---

പരാമർശം :- (1) തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 22.11.2018 ലെ J1/15172/18 നമ്പർ കത്ത്.

(2) പനവിള ഗവ.യു.പി.എസ്. പി.റ്റി.എ. സെക്രട്ടറിയുടെ 28.12.2018 ലെ കത്ത്.

(3) കോട്ടൺഹിൽ പ്രീ പ്രൈമറി ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് പി.റ്റി.എ. പ്രസിഡന്റിന്റെ കത്ത്.

(4) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 31.12.2018-ൽ ചേർന്ന യോഗത്തിലെ തീരുമാനം നം.4.45.

**ഉത്തരവ്**

സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പ്രോജക്ടുകൾ സ്കൂളുകളുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാർഗരേഖ പ്രകാരം ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കും പ്രഭാതഭക്ഷണം നൽകുന്ന പദ്ധതി തിരുവനന്തപുരം കോർപ്പറേഷനിൽ തുടർന്നു വരുന്നുണ്ട്. പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ 19.11.2018-ലെ കത്ത് പ്രകാരം ഒന്ന് മുതൽ ഏഴുവരെയുള്ള, സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്കു മാത്രമേ പ്രഭാത ഭക്ഷണം നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുള്ളതിനാൽ, പ്രീ പ്രൈമറി സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയുമടക്കം കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകാൻ അനുമതി നൽകണമെന്ന് സൂചന(1)-ലെ കത്ത് പ്രകാരം തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഭ്യർത്ഥിച്ചിരുന്നു.

2) 31.12.2018-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി മേൽ വിഷയം പരിഗണിക്കുകയും, കോർപ്പറേഷൻ തലത്തിൽ പ്രീപ്രൈമറി സ്കൂളുകളിൽ മുൻകാലങ്ങളിലും പ്രഭാതഭക്ഷണം നൽകുന്നുണ്ടെന്ന് നിരീക്ഷിക്കുകയും ചെയ്തു. അതിനാൽ ടി പദ്ധതി തുടരാൻ കോഓർഡിനേഷൻ കമ്മിറ്റി പരാമർശം(4) പ്രകാരം അനുമതി നൽകുകയും പ്രസ്തുത തീരുമാനം കോട്ടൻഹിൽ സ്കൂൾ, പനവിള സ്കൂൾ എന്നിവയ്ക്കും ബാധകമാണെന്ന് തീരുമാനിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(4)-ന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം കോർപ്പറേഷൻ മുൻകാലങ്ങളിൽ തുടർന്നുവരുന്ന, കോർപ്പറേഷൻ

പരിധിയിലുള്ള പ്രീപ്രൈമറി സ്കൂളുകളിലടക്കം പ്രഭാതഭക്ഷണം നൽകുന്ന പദ്ധതി തുടർന്നും നടത്തുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
സിന്ധു,എൽ
സ്പെഷ്യൽ സെക്രട്ടറി

മേയർ, തിരുവനന്തപുരം കോർപ്പറേഷൻ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
സെക്രട്ടറി, പി.റ്റി.എ., ഗവ.യു.പി.എസ്., പനവിള, തിരുവനന്തപുരം.
പ്രസിഡന്റ്, പി.റ്റി.എ, കോട്ടൺഹിൽ പ്രീ പ്രൈമറി ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്.
സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.